**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 937** **10-06-2021 - ൽ മറുപടിയ്ക്ക്**

**എൽ.പി.എസ്.ടി. തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിൽ ഗവൺമെന്റ് സ്കൂളുകളിലെ എൽ.പി.എസ്.ടി. തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; സ്കൂൾ തിരിച്ച് വിവരങ്ങൾ വിശദമാക്കാമോ; | (എ) | 178 ഒഴിവുകൾ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ ഒഴിവുകൾ എപ്രകാരം നിയമനം നടത്തുന്നതിനാണ് മാറ്റി വച്ചിരിക്കുന്നതെന്നറിയിക്കുമോ; | (ബി) | ആകെ ഒഴിവുകളുടെ 10% അന്തർജില്ലാ സ്ഥലംമാറ്റത്തിനും, ആകെ അനുവദിക്കപ്പെട്ട തസ്തികകളുടെ 5% കണക്കാക്കി ആയതിൽ കേഡർ നില അനുസരിച്ച് തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിനായും നീക്കിവക്കേണ്ടതായിട്ടുണ്ട്. കൂടാതെ പി.എസ്.സി. വഴി നിയമന ഉത്തരവ് നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാൻ കഴിയാത്തവരുടെ 50 ഒഴിവുകളും നിയമന ശുപാർശ നൽകിയിട്ട് നിയമന ഉത്തരവുകൾ പുറപ്പെടുവിക്കാൻ കഴിയാത്ത 93 ഒഴിവുകളും 178 ഒഴിവുകളിൽ ഉൾപ്പെടുന്നുണ്ട്. |
| (സി) | 2021 കലണ്ടർ വർഷം എത്ര അദ്ധ്യാപകർ ഈ തസ്തികയിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും ഇങ്ങനെയുണ്ടായ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്നും അറിയിക്കുമോ; ബാക്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുമോ; | (സി) | 2021 അധ്യയന വർഷം ടി തസ്തികയിൽ നിന്നും 45 അധ്യാപകർ വിരമിച്ചിട്ടുണ്ട്. ടി ഒഴിവുകളിൽ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യേണ്ട 28 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | ഈ തസ്തികയിൽ എത്ര അദ്ധ്യാപകർ ശൂന്യവേതന അവധിയിലും അന്യത്ര സേവനവ്യവസ്ഥയിലും ഉൾപ്പെട്ടിട്ടുണ്ടെന്നും തന്മൂലം ഈ തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും അറിയിക്കുമോ; ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ അന്യത്ര സേവന വ്യവസ്ഥയിലുള്ള അധ്യാപകർ ഇല്ല. ശൂന്യവേതനാവധിയിലുള്ള 5 അധ്യാപകരുടെ ഒഴിവുകളിൽ 4 ഒഴിവുകളിലേക്ക് പിഎസ്.സി വഴി നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ